**പതിമൂന്നാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2965 — 22.02.2016-ൽ മറുപടിയ്ക്ക്

# നിറവ് പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.തേറമ്പിൽ രാമകൃഷ്ണൻ**<br>**,, ലൂഡി ലൂയിസ്**<br>**,, ഐ.സി.ബാലകൃഷ്ണൻ**<br>**,, ഷാഫി പറമ്പിൽ** | **ശ്രീ . കെ.പി.മോഹനൻ**<br>**(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി)** |
| എ) നിറവ് പദ്ധതി നടപ്പാക്കാൻ എന്തെല്ലാം കർമ്മ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്; | എ) 2012-13, 2013-14, 2014-15 വർഷങ്ങളിലായി 86 നിയോജക മണ്ഡലങ്ങൾ നിറവ് പദ്ധതി നടപ്പിലാക്കാൻ തിരഞ്ഞെടുത്തിട്ടുണ്ട്. വിത്തു മുതൽ വിപണി വരെ കാർഷിക അനുബന്ധ മേഖലകളുടെ സമഗ്ര വികസനത്തിനായി നിയോജക മണ്ഡലാടിസ്ഥാനത്തിൽ തയ്യാറാക്കുന്ന പദ്ധതികൾ ഉൾപ്പെടുന്ന ഒരു പരിപാടിയാണ് "നിറവ്". ഓരോ നിയോജകമണ്ഡലത്തിന്റെയും സമഗ്ര വികസനം ലക്ഷ്യമിട്ട് സ്ഥലം എം.എൽ.എ-യുടെ നേതൃത്വത്തിൽ കാർഷിക മേഖലയുടെ സമഗ്ര വികസനത്തിന് ഉതകും വിധം ഓരോ നിയോജകമണ്ഡലത്തിലും കർമ്മ പദ്ധതി ആവിഷ്ക്കരിച്ച് നടപ്പിലാക്കിവരുന്നു. കൃഷി വ്യാപനം, വിപണന സൗകര്യം വർദ്ധിപ്പിക്കൽ, മൂല്യവർദ്ധനവിലൂടെയും ഉല്പന്ന വൈവിധ്യവൽക്കരണത്തിലൂടെയും തൊഴിലവസരങ്ങൾ സൃഷ്ടിക്കൽ, അനുബന്ധ മേഖലകളുടെ വികസനം ഇവയൊക്കെ കർമ്മ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുണ്ട്. |

ബി) പ്രസ്തുത പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ബി) ഒരു പ്രദേശത്തിന്റെ സമഗ്ര വികസനം ഉറപ്പാക്കുവാൻ കാർഷിക അനുബന്ധ മേഖലകളുടെ ഏകോപനത്തിനുള്ള നടപടി കൃഷി വകുപ്പ് സ്വീകരിച്ചിട്ടുണ്ട്. ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടില്ലെങ്കിലും വികസന പ്രവർത്തനങ്ങൾ സംസ്ഥാനാവിഷ്കൃത പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കാൻ കൃഷി വകുപ്പ് നടപടി സ്വീകരിച്ചിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**